**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 239** **29-01-2024 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ കോളേജുകളിൽ കൂടുതൽ സീനിയർ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ രോഗികളെ പരിശോധിക്കുന്നതിനായി സീനിയർ ഡോക്ടർമാരുടെ അഭാവമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ രോഗികളെ പരിശോധിക്കുന്നതിനായി ഓരോ വിഭാഗത്തിലും പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ എന്നീ തസ്തികകളിൽ സീനിയർ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. |
| (ബി) | ഇതുമൂലം രോഗികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ രോഗികളെ പരിശോധിക്കുന്നതിനായി ഓരോ വിഭാഗത്തിലും പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ എന്നീ തസ്തികകളിൽ സീനിയർ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. |
| (സി) | ഒ.പി.യിൽ എത്തുന്ന രോഗികളുടെ കൃത്യമായ രോഗാവസ്ഥ യഥാസമയം കണ്ടെത്തുന്നതിന് ജൂനിയർ ഡോക്ടർമാർക്ക് കഴിയുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഒ.പി. - യിൽ എത്തുന്ന രോഗികളുടെ രോഗാവസ്ഥ നിർണ്ണയിക്കുന്നതും ചികിത്സിക്കുന്നതും സീനിയർ ഡോക്ടർമാരുടെ മേൽനോട്ടത്തിലാണ്. |
| (ഡി) | മെഡിക്കൽ കോളേജുകളിൽ രോഗികളെ പരിശോധിക്കുന്നതിനായി കൂടുതൽ സീനിയർ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | മെഡിക്കൽ കോളേജുകളിൽ രോഗീപരിചരണത്തിന് സീനിയർ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനായി ഒഴിവുകൾ വരുന്ന മുറയ്ക്ക് സ്ഥാനക്കയറ്റം നൽകി നിയമനം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ